# കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

## തൃശ്ശൂർ – 680596

**<u>അറിയിപ്പ്</u>**

രണ്ടാം വർഷ MBBS പരീക്ഷ--lock down മൂലം നിർത്തിയ ചില പ്രായോഗിക പരീക്ഷകൾ--തുടർന്ന് നടത്താൻ മെഡിക്കൽ കോളേജുകളോട് ഒരു മാസം മുൻപേ ആവശ്യപ്പെട്ടിരുന്നു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുവാനായി അണുനശീകരണം നടത്തി സുരക്ഷിതമാക്കിയ ഹോസ്റ്റൽ സൗകര്യവും COVID-19 മാർഗ്ഗനിർദേശങ്ങൾ അനുസരിച്ചുള്ള സുരക്ഷ ക്രമീകരണങ്ങളും ഉറപ്പാക്കുവാനും നിർദേശിച്ചിരുന്നു. അത്തരം കാര്യങ്ങൾ ഒരുക്കിയെന്നും കുട്ടികൾ കോളേജുകളിൽ വന്നു താമസം തുടങ്ങിയെന്നും ചില കോളേജുകൾ അറിയിച്ചിട്ടുണ്ട്. ആ കോളേജുകളിൽ പരീക്ഷ നടത്താൻ അനുവാദം നൽകുന്നു.

ഹോസ്റ്റൽ സൗകര്യം ഇല്ലാതിരിക്കുകയും മറ്റു സൗകര്യങ്ങൾ ഒരുക്കുവാൻ ബുദ്ധിമുട്ടുണ്ട് എന്ന് അറിയിക്കുകയും ചെയ്ത കോളേജുകളിൽ ഇപ്പോൾ പരീക്ഷ നടത്താൻ അനുവാദമില്ല. ആ കോളേജുകളിൽ സൗകര്യങ്ങൾ ആയി എന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തിയാൽ നിശ്ചയിച്ച തീയതിയിൽ പരീക്ഷ നടത്താവുന്നതാണ്.

ഓരോ കോളേജുകളിലും നിശ്ചയിച്ചിരിക്കുന്ന പരീക്ഷകരെയും വിദ്യാർത്ഥികളേയും സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന തീയതികളിൽ പരീക്ഷ നടത്തുന്നുണ്ടോ ഇല്ലയോ എന്ന വിവരം കാലേ കൂട്ടി അറിയിക്കേണ്ട ഉത്തരവാദിത്തവും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കായിരിക്കും.

ഹോസ്റ്റൽ സൗകര്യവും മറ്റു സുരക്ഷ ക്രമീകരണങ്ങളും ഉറപ്പു വരുത്തിയെന്ന് ഉറപ്പാക്കിക്കഴിഞ്ഞാൽ അക്കാര്യം അറിയിക്കുന്ന മുറയ്ക്ക് ആ കോളേജുകളിലും പരീക്ഷ നടത്താനുള്ള തീരുമാനം പിന്നീട് കൈകൊള്ളുന്നതാണ്.

01.07.2020 **പരീക്ഷ കൺട്രോളർ**